# മൗദൂദി സാഹിബിനെ
# കയ്യൊഴിഞ്ഞ ജമാഅത്തെ ഇസ്‌ലാമി

''സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട്
മൗദൂദിയെ അപഗ്രഥിക്കുന്നത് ആശയക്കുഴപ്പത്തിനിടയാക്കും.
ജനാധിപത്യ, മതേതര ഇന്ത്യയുടെ പരിസരത്തുനിന്നു കൊണ്ടല്ല
മൗദൂദി ചിന്തിച്ചതും പ്രവർത്തിച്ചതും.''
(പ്രബോധനം, ആഗസ്റ്റ് 18, 2007)

വർഷങ്ങൾ കഴിഞ്ഞ്, സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടാൻ
പോകുന്ന സവിശേഷമായ മതനിരപേക്ഷ, ജനാധിപത്യ
സംവിധാനം അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിലുണ്ടാവുക
സാധ്യമായിരുന്നില്ല (പ്രബോധനം, ആഗസ്റ്റ് 18, 2007)

''സമകാലിക ലോകത്തോട് സംവദിക്കാനുതകുന്ന വിധം ഈ
അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ
ഇസ്‌ലാമിക്ക് നിഷേധിക്കാനാകില്ല. അതിനർഥം മൗദൂദിയെ ഈ സംഘടന
വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല.''
(പ്രബോധനം, ആഗസ്റ്റ് 18, 2007)

കബീർ എം. പറളി

ചോദ്യം: ജമാഅത്തിന്റെ നിലപാടുകൾ കേരളീയ സമൂഹത്തിൽ കൂടുതൽ കൂടുതൽ സ്വീകാര്യമാവുന്നു എന്ന തോന്നലിൽ നിന്നല്ലെ 'ഈ സംഘടന അത്യന്തം ആപത്ക്കാരിയാണ്' എന്ന മുറവിളി കൂടുതൽ ശക്തിയോടെ ഉയർന്ന് കേൾക്കുന്നത്?

ഉത്തരം: ഈ ചോദ്യം ജമാഅത്തു വാരികയായ പ്രബോധനത്തിൽ വന്ന ഒരു ലേഖനത്തിന്റെ തനി പകർപ്പാണ്. 2007 ആഗസ്റ്റ് 18 ലെ പ്രബോധനത്തിൽ ജമാഅത്തെ ഇസ്ലാമി വിമർശിക്കപ്പെടുന്നത് എന്ന പേരിൽ ഇൻസാഫ് എന്ന ലേഖകന്റെ ഒരു കവർ സ്റ്റോറിയുണ്ട്. അതില ദ്ദേഹമെഴുതുന്നു:

ജമാഅത്തിന്റെ നിലപാടുകൾ കേരളീയ സമൂഹത്തിൽ കൂടുതൽ കൂടുതൽ സ്വീകാര്യമാവുന്നു എന്ന തോന്നലിൽ നിന്നാണ് 'ഈ സംഘടന അത്യന്തം ആപത്ക്കാരിയാണ്' എന്ന മുറവിളി കൂടുതൽ ശക്തിയോടെ ഉയർന്ന് കേൾക്കുന്നത്.

ജമാഅത്തെ ഇസ്ലാമി എന്ന സംഘടന മുമ്പൊന്നും മുസ്ലിം പണ്ഡിതന്മാരാൽ വിമർശിക്കപ്പെട്ടിരുന്നില്ലെന്നും, അടുത്തകാലത്ത് കേരളീയ സമൂഹത്തിൽ അതിന് കൂടുതൽ സ്വീകാര്യത കൈവരാൻ തുടങ്ങിയപ്പോഴാണ് അതിനെതിരിൽ മുറവിളി ശക്തിപ്രാപിക്കുന്നത് എന്നുമാണ് പ്രസ്തുത പ്രസ്താവനയുടെ ധ്വനി. ഇൻസാഫിന്റെ നീതിയുക്തമായ വിലയിരുത്തലല്ല ഇത്. ജമാഅത്തെ ഇസ്ലാമി എന്ന സംഘടന ഇസ്ലാമിനും മുസ്ലീംകൾക്കും അത്യന്തം ആപത്കാരിയാണ് എന്ന നിലപാട്, അത് രൂപീകരിക്കപ്പെട്ട്, അല്പ വർഷങ്ങളുടെ നിരീക്ഷണങ്ങൾക്കു ശേഷം തന്നെ മുസ്ലിം പണ്ഡിതന്മാർ സ്വീകരിച്ചിട്ടുണ്ട്. ആ സംഘടനക്കകത്തുണ്ടായിരുന്നവരും വെളിയിൽനിന്ന് വിലയിരുത്തിയവരും അക്കൂട്ടത്തിലുണ്ട് എന്നതാണ് നേര്. മൗലാനാ അബുൽ ഹസൻ അലി ഹസൻ നദ്വി, മൗലാനാ വഹീദുദ്ദീൻ ഖാൻ, മൗലാനാ മൻസൂർ നുഅ്മാനി തുടങ്ങിയവർ അവരിലെ അഗ്രേസരരാണ്. മൗലാനാ അബുൽ ഹസൻ നദ്വിയും മൗലാനാ മൻസൂർ നുഅ്മാനിയും വെറും ആറ് മാസത്തിനകമാണ് മൗദൂദിയുടെ ജമാഅത്തെ ഇസ്ലാമിയോട് സലാം പറഞ്ഞിറങ്ങിയത്. മാത്രമല്ല, മൗലാനാ നദ്വി, മൗദൂദിയുടെ ആദർശ നിലപാടുകളെ നിശിതമായി വിമർശിച്ചു കൊണ്ട് ഇസ്ലാമിന് രാഷ്ട്രീയ വ്യാഖ്യാനം എന്ന കനപ്പെട്ട കൃതിയും രചിക്കുകയുമുണ്ടായി.

ചോദ്യം: ജമാഅത്തെ ഇസ്ലാമിക്ക് ഒരു ജനകീയാടിത്തറ ഇനിയും കൈവന്നിട്ടില്ല എന്നാണൊ അർഥമാക്കുന്നത്?

ഉത്തരം: സത്യത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് കേരളീയ സമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭ്യമായിട്ടുണ്ടൊ? അതിന്റെ അടിസ്ഥാന ആദർശങ്ങളും, പ്രോഗ്രാം-പോളിസികളും, ഇസ്ലാമിനും മുസ്ലിംകൾക്കും, എന്നല്ല ഇന്ത്യൻ ജനതക്കൊന്നടങ്കം അനുഗുണമാണ് എന്ന് ഏതെങ്കിലും കേന്ദ്രങ്ങൾ പുതിയ ഗവേഷണം നടത്തി പ്രസിദ്ധീകരിക്കുകയൊ പ്രസ്താവനയിറക്കുകയൊ ചെയ്തിട്ടുണ്ടൊ? അതിന്റെ അടിസ്ഥാനത്തിൽ കേരള ജനത ജമാഅത്തെ ഇസ്ലാമിയിലേക്ക് അഫ്വാജനായി (കൂട്ടമായി) ചേക്കേറുന്ന അനുഭവം നമ്മുടെ കൺമുന്നിലുണ്ടൊ? അത്തരത്തിൽ അസൂയാർഹമായ വല്ല മുന്നേറ്റവും ജമാഅത്തു ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല എന്നതാണ് സത്യം. രാഷ്ട്രീയ രംഗത്ത് പ്രത്യക്ഷമായി ചുവടുറപ്പിക്കാനാകുമ്പോഴെ പ്രസ്ഥാനത്തിന് ജനകീയമായ ഒരടിത്തറ ജമാഅത്തെ ഇസ്ലാമി ഇപ്പോഴും പ്രതീക്ഷിക്കുന്നുള്ളൂ. ഇത് അവർ തന്നെ എഴുതിയതാണ്. വായിക്കുക:

ജനജീവിതത്തെ അഗാധമായി സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാത്തേടത്തോളം കാലം ഏതു പ്രസ്ഥാനത്തിനും ജനകീയാടിത്തറ വിപുലപ്പെടുത്തുക എളുപ്പമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വ്യക്തികൾ സ്വന്തമായി മത്സരിക്കു

> എതിർക്കപ്പെടേണ്ട ആശയാദർശങ്ങളുടെ 'സ്വീകാര്യത'യെ പരിഗണിച്ച് മുന്നറിയിപ്പുകളും ബോധവത്കരണങ്ങളും നിർത്തി വെക്കാൻ മുജാഹിദു പ്രസ്ഥാനം ശീലിച്ചിട്ടില്ല. ഇസ്ലാമിക പ്രമാണങ്ങൾ അതിന് അനുവദിക്കുന്നില്ല എന്നതാണ് നേര്.

ന്നതിന് അനുകൂലമായേ ഇപ്പോൾ ജമാഅത്ത് തീരുമാനമെടുത്തിട്ടുള്ളൂ. പ്രസ്ഥാനം രാഷ്ട്രീയ പാർട്ടിയായി മാറുകയോ വിശാല രാഷ്ട്രീയവേദി രൂപപ്പെടുത്തി പിന്തുണക്കുകയോ ചെയ്തു കൊണ്ട് സജീവ രാഷ്ട്രീയപ്രവേശം ഉറപ്പാകുമ്പോൾ ജനപിന്തുണ വർധിപ്പിക്കാനാവും. അതിനു മുമ്പും ജനകീയ പ്രശ്നങ്ങളിലെ ഇടപെടലുകളിലൂടെ അടിത്തറ വികസിപ്പിക്കാനാവും. അടുത്ത ചതുർവർഷ പോളിസി-പ്രോഗ്രാമിൽ ഈ ദിശയിലുള്ള കാൽവെപ്പുകളുണ്ടാവുമെന്നാണ് കരുതേണ്ടത്. (ജമാഅത്തെ ഇസ്‌ലാമി ചില സംശയങ്ങളും മറുപടിയും മറുപടിയും, പേ. 14)

മുഴുസമയ രാഷ്ട്രീയത്തിലേക്കിറങ്ങാനുള്ള ആദ്യപടിയിലാണ് ഇപ്പോഴും ജമാഅത്ത്. അതിന്റെ കൊടിയൊ, നിറമൊ, നയമൊ ഇനിയും വ്യക്തമാക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. (വർഷങ്ങളോളമായി പൊളിറ്റിക്കൽ സെക്രട്ടറി എന്ന തസ്തികയുള്ള ഒരു പ്രസ്ഥാനത്തിന്, വരാനിരിക്കുന്ന രാഷ്ട്രീയപ്പാർട്ടിയുടെ കൊടിയും നിറവും നയവുമൊന്നും പ്രഖ്യാപിക്കാൻ ഇനിയുമായിട്ടില്ല എന്നതിലെ 'ഐറണി' തത്ക്കാലം മറക്കുക) മേൽ പ്രസ്താവന പ്രകാരം ജമാഅത്തിപ്പോഴും അവികസിത രൂപത്തിലും, ജനകീയമായ സ്വീകാര്യത കൈവരിച്ചിട്ടില്ലാത്ത ദരിദ്രാവസ്ഥയിലുമാണ്. പിന്നെന്തിന്, നിലവിലില്ലാത്ത ഒരു 'സ്വീകാര്യത'യുടെ പേരിൽ വിമർശകർ 'ഈ സംഘടന അത്യന്തം ആപത്ക്കാരിയാണ്' എന്ന മുറവിളികൂട്ടണം?

ചോദ്യം: പ്രസ്തുത ലേഖനത്തിൽ, 'ആടിനെ പട്ടിയാക്കുക, എന്നിട്ട് തല്ലിക്കൊല്ലുക എന്നതാണ് ജമാഅത്ത് വിമർശനത്തിന്റെ സാധാരണ രീതി' എന്നൊരു കമന്റ് കാണാം. എന്ത് പറയുന്നു?

ഉത്തരം: ജമാഅത്തെ ഇസ്‌ലാമിയെ ആശയതലത്തിൽ വിമർശിക്കുന്ന കാര്യത്തിൽ ആർക്കും ആ പണി ചെയ്യണമെന്നില്ല. ഇതും ജമാഅത്തു പാർട്ടീ പ്രവർത്തകന്റെ നീതിതീണ്ടിയിട്ടില്ലാത്ത വിലയിരുത്തലാണ്. മുജാഹിദു പ്രസ്ഥാനം ആടിനെ പട്ടിയാക്കുകയൊ, എന്നിട്ടതിനെ ഭ്രാന്തൻ പട്ടിയാക്കി തല്ലിക്കൊല്ലുകയൊ ചെയ്യുന്ന രീതി ശീലിച്ചവരല്ല. ഇക്കാര്യം അതിന്റെ വിമർശന ശൈലി പരിശോധിക്കുന്ന ഏതൊരു വിവേകിക്കുമറിയാം.

എന്നാൽ ആടിനും ഭ്രാന്തു വരാമെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. ചില ആടുകൾക്കു ബാധിച്ച ഭ്രാന്തിനെ തിരിച്ചറിഞ്ഞ് ചികിത്സിക്കാനൊ, അതിനാവുന്നില്ലെങ്കിൽ പ്രസ്തുത ഭ്രാന്തിനെപ്പറ്റി സാധാരണ ജനങ്ങളെ ബോധവത്കരിക്കാനൊ മുജാഹിദുകൾ ശ്രമിക്കാറുമുണ്ട്. അത് സത്യമാണുതാനും.

> ലാ ഇലാഹ ഇല്ലല്ലാഹു എന്ന വിശുദ്ധവാക്യത്തിൽ നിന്ന് നിർദ്ധരിച്ചെടുത്തത് എന്ന് ഘോഷിക്കപ്പെട്ട ഹുകൂമത്തെ ഇലാഹിയിലൂടെ ഒരു ഇസ്‌ലാമിക പ്രസ്ഥാനം, അതും രൂപീകരിക്കപ്പെട്ട് വർഷങ്ങൾക്കുള്ളിൽ, ജനങ്ങളുടെ 'തെറ്റിദ്ധാരണ'ക്ക് വിധേയരാകുകയും അതിന്റെ പേരിൽ അവർക്കവരുടെ മുദ്രാവാക്യംതന്നെ മാറ്റേണ്ടിവരികയും ചെയ്തു എന്ന് പറഞ്ഞാൽ, ആ സിദ്ധാന്തത്തിന് സാരമായ തകരാറുണ്ട് എന്നല്ലെ അതിന്നർഥം?

ജമാഅത്തെ ഇസ്‌ലാമിയുടെ കാര്യത്തിലും ഇതേ നിലപാടാണുള്ളത്. അതാകട്ടെ, കേരളീയ സമൂഹത്തിൽ കൂടുതൽ കൂടുതൽ സ്വീകാര്യമാവുന്ന ജമാഅത്തിന്റെ നിലപാടുകൾ കണ്ടിട്ട് അടുത്തിടെ തുടങ്ങിയ പ്രവർത്തനമല്ല. മുസ്‌ലിമിന്റെ ആദർശത്തേയും, വീക്ഷണങ്ങളേയും ആരാധനാ കർമ്മങ്ങളേയും സാരമായി ബാധിക്കാവുന്ന രോഗലക്ഷണങ്ങൾ ജമാഅത്തെ ഇസ്‌ലാമിയിൽ കണ്ടുതുടങ്ങിയ ആദ്യനാൾ മുതൽ തുടങ്ങിയതാണ് മുജാഹിദു ഭാഗത്തു നിന്നുള്ള മുന്നറിയിപ്പിന്റെ ശബ്ദം. ജനങ്ങൾക്കിടയിൽ അവരുടെ നിലപാടുകൾ സ്വീകാര്യമാകുന്നു എന്നത് വാദത്തിനു വേണ്ടി സമ്മതിക്കുകയാണെങ്കിൽ പോലും അത് പരിഗണിക്കപ്പെടേണ്ട ഒന്നല്ല. വിവേകികളുടെ മുന്നറിയിപ്പുകളെ അവഗണിച്ചും സമൂഹത്തിൽ സ്വീകാര്യമാകുന്ന നിലപാടുകളും പ്രവണതകളും ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ പ്രവണതകൾ പോലെ വേറെയുമുണ്ടല്ലൊ? എതിർക്കപ്പെടേണ്ട ആശയാദർശങ്ങളുടെ 'സ്വീകാര്യത'യെ പരിഗണിച്ച് മുന്നറിയിപ്പുകളും ബോധവത്കരണങ്ങളും നിർത്തിവെക്കാൻ മുജാഹിദു പ്രസ്ഥാനം ശീലിച്ചിട്ടില്ല. ഇസ്‌ലാമിക പ്രമാണങ്ങൾ അതിന് അനുവദിക്കുന്നില്ല എന്നതാണ് നേര്.

ചോദ്യം: സത്യത്തിൽ, ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം ദൈവിക ഭരണകൂടം സംസ്ഥാപിക്കുകയാണ് എന്നത് പ്രതിയോഗികളുടെ ആരോപണം മാത്രമല്ലെ? അങ്ങനെയൊരു ലക്ഷ്യം അവർക്കുണ്ടോ?

ഉത്തരം: ഇത്തരമൊരു ചോദ്യം ഉദ്ഭവിച്ചതു തന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ സംഭവകാല വാചാടോപങ്ങൾ വായിക്കാനിടവന്നതു കൊണ്ടാകണം. ആടിനെ പട്ടിയാക്കി ജനമധ്യ ത്തിലവതരിപ്പിക്കുന്നത് ജമാഅത്തെ ഇസ്‌ലാമി തന്നെയാണ് എന്നതാണ് വസ്തുത. പ്രതിനി ദാനം ചെയ്യുന്ന ആദർശം, നിരൂപണങ്ങളേയും, വിമർശനങ്ങളേയും പേടിക്കാതെ സമൂഹസ മക്ഷം സത്യസന്ധതയോടെ അവതരിപ്പിക്കാനാകണമെങ്കിൽ ഈമാൻ നൽകുന്ന നെഞ്ചുറപ്പ് വേണം. ചെങ്കോലും കിരീടവും ആത്യന്തിക ലക്ഷ്യമായി പ്രവർത്തിച്ച ഭൂരിഭാഗം രാഷ്ട്രീയ ക്കാർക്കും ഏട്ടിലെ ആദർശപ്പശുവിനെ അതേപടി മേട്ടിലേക്കിറക്കിവിടാൻ സ്വതന്ത്രമായി സാധിച്ചിട്ടില്ല. ആ രംഗത്ത് കാപട്യങ്ങൾ അനിവാര്യമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ കാര്യത്തിലും ഇത് നൂറുശതമാനവും ശരിയാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാന ലക്ഷ്യം ഹുകൂമത്തെ ഇലാഹിയാണ് അഥവാ ഇഖാമത്തുദ്ദീനാണ്. ഈ രണ്ടു സാങ്കേതികസംജ്ഞ കൊണ്ടും അവരുദ്ദേശിക്കുന്നതെന്താ ണെന്ന് അവർ തന്നെ എഴുതിയത് വായിക്കുക:

‘‘ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രഥമ ഭരണഘടനയിൽ ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നത് ‘ഹുകൂമത്ത ഇലാഹിയ്യ’ (ദൈവികഭരണം) ആയിരുന്നു. ജമാഅത്തിനെക്കുറിച്ച് തെറ്റിദ്ധാരണക്ക് കാരണമായിത്തീരുന്നുവെന്ന് കണ്ട് പിന്നീട് ഭരണഘടനയിൽനിന്ന് ആ പദം പിൻവലിക്കു കയും പകരം ‘ഇഖാമത്തുദ്ദീൻ ’ സ്വീകരിക്കുകയുമാണുണ്ടായത്. ഇത് പദപ്രയോഗത്തിൽ പരി മിതമായ ഒരു വ്യത്യാസപ്പെടുത്തലായിരുന്നു. വാസ്തവത്തിൽ ഹുകൂമത്തെ ഇലാഹിയ്യ കൊണ്ട് ജമാഅത്ത് എന്തെല്ലാമാണോ ഉദ്ദേശിച്ചിരുന്നത് അതൊക്കെത്തന്നെയാണ് ഇഖാമത്തുദ്ദീൻ കൊണ്ടും അർഥമാക്കുന്നത്.’’ (പ്രബോധനം: ജ. ഇ. അമ്പതാം വാർഷികപ്പതിപ്പ്)

ലാഇലാഹ ഇല്ലല്ലാഹു എന്ന കലിമത്തുത്തൗഹീദിൽ നിന്നാണ് ഹുകൂമത്തെ ഇലാഹി എന്ന സിദ്ധാന്തം മൗദൂദി ആവിഷ്കരിച്ചെടുത്തതെന്നാണ് ജമാഅത്തുകാരുടെ വാദം. എന്നാൽ, നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ലാ ഇലാഹ ഇല്ലല്ലാഹു എന്ന ഇസ്‌ലാമിന്റെ ആദർശവാക്യം ജനങ്ങൾക്കിടയിൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടില്ല. തെറ്റിദ്ധരിക്കപ്പെടുന്നു എന്നതിന്റെ പേരിൽ ആ ആദർശ വാക്യത്തിന് ബദൽ നാമം സ്വീകരിക്കേണ്ട ഗതികേടും ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ ഇന്നേവരെ ഉണ്ടായിട്ടുമില്ല. അതേ സമയം, ലാ ഇലാഹ ഇല്ലല്ലാഹു എന്ന വിശുദ്ധ വാക്യത്തിൽ നിന്ന് നിർദ്ധരിച്ചെടുത്തത് എന്ന് ഘോഷിക്കപ്പെട്ട ഹുകൂമത്തെ ഇലാഹിയിലൂടെ ഒരു ഇസ്‌ലാമിക പ്രസ്ഥാനം, അതും രൂപീകരിക്കപ്പെട്ട് വർഷങ്ങൾക്കുള്ളിൽ, ജനങ്ങളുടെ ‘തെറ്റിദ്ധാരണ’ക്ക് വിധേയരാകുകയും അതിന്റെ പേരിൽ അവർക്കവരുടെ മുദ്രാവാക്യംതന്നെ മാറ്റേണ്ടിവരികയും ചെയ്തു എന്ന് പറഞ്ഞാൽ, ആ സിദ്ധാന്തത്തിന് സാരമായ തകരാറുണ്ട് എന്നല്ലെ അതിന്നർഥം?

> ജമാഅത്തെ ഇസ്‌ലാമി, ‘അപ്പാടെ’ കാറ്റഗറിയിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്ന മൗദൂദിയൻ ആശയങ്ങളേതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ഒരു ഗ്രന്ഥം ഐ.പി.എച്ച് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ വിമർശകർക്ക് ബുദ്ധിപരമായ കാപട്യത്തിൽ നിന്ന് രക്ഷപ്പെടാൻ അതുപകരിക്കുമായിരുന്നു! പക്ഷെ അങ്ങനെയൊന്ന് ഇതേവരെ വിപണിയിലെത്തിയിട്ടില്ലല്ലൊ!

ചോദ്യം: ദൈവികഭരണത്തിന്റെ സംസ്ഥാപനത്തിനുവേണ്ടിയാകണം മുസൽമാന്റെ അധ്വാനം എന്ന ആഹ്വാനങ്ങൾ മൗദൂദിയിൽ നിന്നും ഉണ്ടായിട്ടുണ്ടല്ലൊ. ചിലത് ഉദ്ധരിക്കാമൊ?

ഉത്തരം: മൗദൂദിയിൽ നിന്ന് അത്തരം ആഹ്വാനങ്ങളേ ഉണ്ടായിട്ടുള്ളൂ. അവ വായിക്കുക:

**വരാനിരുന്ന സ്വതന്ത്ര ഇന്ത്യയുടെ സവിശേഷ സംവിധാനം സ്വന്തം ദൃഷ്ടിപഥത്തിലില്ലായിരുന്ന മൗദൂദിയെന്തിനാണ്, ബ്രിട്ടീഷ ധിനിവേശത്തിൽ നിന്നുള്ള ഇന്ത്യയുടെ മോചനത്തെ ലാത്തപോയി മനാത്തവരലായി പ്രഖ്യാപിച്ചത്? സത്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് വന്നു ഭവിച്ച ഗതികേടാണ് അവരുടെ ഈ പ്രസ്താവനകൾ!**

''പ്രജായത്തിദീനൊ രാജത്വദീനൊ ആകട്ടെ, സോഷ്യലിസ്റ്റ് ദീനൊ അല്ലാഹുവിന്റെ ദീനൊ മറ്റേതെങ്കിലും ദീനൊ ആകട്ടെ, ഓരോന്നിനും അതതിന്റെ നിലനിൽപിന് സ്വന്തമായ ഭരണം ഏതു വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തം ഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കൽപ വീടുപോലെയാണ്.'' (ഖുതുബാത്, 16ാം പതിപ്പ്, അധ്യായം ജിഹാദിന്റെ പ്രാധാന്യം, പേ. 288)

''ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവൊ, ഏതൊന്നിന്റെ നിയമം അനുഷ്ഠാനത്തിലുണ്ടൊ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ച് ജീവിത ഏർപ്പാടുകൾ വ്യവസ്ഥിതമായിരിക്കുന്നുവൊ അതത്രെ സാക്ഷാൽ ദീൻ. ആകയാൽ ഓരോ ദീനിന്റേയും പ്രകൃതിതന്നെ തേടുന്നത് അതിന് ഭരണം ലഭിക്കണമെന്നാണ്.'' (ഖുതുബാത്, 16ാം പതിപ്പ്, അധ്യായം ജിഹാദിന്റെ പ്രാധാന്യം, പേ. 289)

''ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവൊഴികെ മറ്റാരുടേയും അടിമകളാകാതിരിക്കുക. ഇതല്ലാതെ ഇസ്‌ലാം മറ്റൊന്നും ഉദ്ദേശിക്കുന്നില്ല. കലർപ്പില്ലാത്ത തനി ദൈവികാധിപത്യം ഇല്ലാതിരിക്കുന്ന കാലത്തോളം ഈ ഉദ്ദേശ്യം പൂർത്തിയാകില്ലെന്നത് എത്രയും വ്യക്തമാണ്.'' (ഖുതുബാത്, 16ാം പതിപ്പ്, പേ. 290)

''ഇസ്‌ലാം അതിന്റെ ആളുകളെ ഇപ്രകാരം സന്നദ്ധരാക്കിയശേഷം അവരോടു പറയുന്നു: ഇതാ ഇപ്പോൾ നിങ്ങൾ ഭൂമുഖത്ത് അല്ലാഹുവിന്റെ സർവോപരി ഉത്തമന്മാരായ അടിമകളായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഇനി മുമ്പോട്ടു കടന്ന്, അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ ഭൂമിയിൽ രാജദ്രോഹികളായി വർത്തിക്കുകയും ചെയ്യുന്നവരുടെ കൈകൾ പിടിച്ചു നിർത്തുകയും അല്ലാഹുവിന്റെ പ്രാതിനിധ്യമാകുന്ന അധികാരം സ്വയം കയ്യേൽക്കുകയും ചെയ്യുക എന്ന്.'' (ഖുതുബാത്, 16ാം പതിപ്പ്, പേ. 283)

ചോദ്യം: പക്ഷെ, ജമാഅത്തെ ഇസ്‌ലാമി മൗദൂദീ സാഹിബിന്റെ വള്ളിപുള്ളികൾ പിന്തുടരുന്നവരല്ല എന്ന പ്രസ്താവന അടുത്ത കാലത്ത് അവരിൽ നിന്നുണ്ടാകുന്നുണ്ടല്ലൊ?

ഉത്തരം: അംഗങ്ങൾക്ക് മൗദൂദിയോട് അനുരാഗാത്മക ഭ്രമമാണുണ്ടാകേണ്ടത് എന്ന് ഒരു കാലത്ത് നിഷ്കർഷിച്ചിരുന്നവരാണ് ജമാഅത്തെ ഇസ്‌ലാമി. ഇപ്പോൾ മൗദൂദിയുടെ ആദർശം ചോദ്യം ചെയ്യപ്പെടുമ്പോൾ വള്ളിപുള്ളികൾ കൊണ്ട് പുതിയപ്രതിരോധം തീർക്കാൻ വൃഥാ മെനക്കെടുകയാണ് അവർ.

ഭൂമിയിൽ ദൈവിക ഭരണകൂടത്തിന്റെ നിർമ്മിതിയാണ് മുസ്‌ലിമിന്റെ ദൗത്യമെന്ന് ആണയിട്ട മൗദൂദിയുടെ അനുയായികൾക്ക് വന്നുഭവിച്ച ഗതികേടാണിത്. അനുരാഗാത്മക ഭ്രമമെന്ന ഭ്രാന്ത് തലക്കുപിടിക്കാത്ത, വിവേകികളായ പണ്ഡിതന്മാരും, നേതാക്കളും മൗദൂദിയുടെ ആശയാദർശങ്ങളിൽ പിന്തുടരാൻപറ്റാത്ത വള്ളിപുള്ളികൾ സമൃദ്ധമായുണ്ടെന്ന് മുമ്പേ മുന്നറിയിപ്പു നൽകിയതായിരുന്നു. അന്ന്, മഹാന്മാരായ അത്തരം ആളുകളെ അന്തം കമ്മികളായി പുച്ഛിച്ചു നടക്കുകയായിരുന്നു, മുത്തഫിഖു മുതൽ റഫീഖ് വരെ! എന്നിട്ടിപ്പോൾ കുമ്പസരിക്കുകയാണ്. അത് വായിക്കുക:

''സമകാലിക ലോകത്തോട് സംവദിക്കാനുതകുന്ന വിധം ഈ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ ഇസ്‌ലാമിക്ക് നിഷേധിക്കാനാകില്ല. അതിനർഥം മൗദൂദിയെ ഈ സംഘടന വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല.'' (ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നത്, പ്രബോധനം, ആഗസ്റ്റ് 18, 2007,)

ഇതേ വാദം ഖുതുബാതിന്റെ പതിനാറാം പതിപ്പിലും നമുക്ക് കാണാനാകും. നോക്കുക:

''മൗദൂദിയുടെ ചിന്തകളിലും കൃതികളിലും യോജിക്കേണ്ടതും വിയോജിക്കേണ്ടതുമുണ്ട്; പിന്താങ്ങേണ്ടതും വിമർശിക്കേണ്ടതുമുണ്ട്. പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠനമാണത് തെളിയിക്കേണ്ടത്.'' (ഖുതുബാത്, 16ാം പതിപ്പ്, പ്രസാധകക്കുറിപ്പ്)

മേലെ നൽകിയ രണ്ട് ഖണ്ഡികകളും നൽകുന്ന പാഠമെന്താണ്? ഇസ്‌ലാമിക പ്രമാണങ്ങളോട് അഥവാ ഖുർആനിനോടും സുന്നത്തിനോടും യോജിക്കാത്ത ജൽപനങ്ങൾ മൗദൂദീ ചിന്തകളിലുണ്ട് എന്നു തന്നെയല്ലേ? 'വള്ളിപുള്ളികൾ' എന്ന് പ്രബോധനവും, 'വിയോജിക്കേണ്ടവ' എന്ന് ഐ.പി.എച്ചും പറഞ്ഞ, മൗദൂദിയിലെ സ്‌കലിതങ്ങൾ ഏതൊക്കെയാണെന്ന് ജമാഅത്തെ ഇസ്‌ലാമി നാളിതുവരെ മുസ്‌ലിംകളുടെ മുമ്പാകെ വിശദീകരിച്ചിട്ടുണ്ടോ? മൗദൂദിയുടെ ഏതെല്ലാം കൃതികളിൽ അത്തരം ആശയങ്ങളുണ്ടെന്നും, അവയെ തിരിച്ചറിയാനുള്ള മാർഗങ്ങൾ ഇന്നതൊക്കെയാണെന്നും മാലോകരെയവർ അറിയിച്ചിട്ടുണ്ടോ? ''അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ അപ്പാടെ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ ആരോപിക്കുന്നത് ബുദ്ധിപരമായ കാപട്യ''മാണെന്നും (ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നത്, പ്രബോധനം, ആഗസ്റ്റ് 18, 2007) പ്രബോധനമെഴുതിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി, 'അപ്പാടെ' കാറ്റഗറിയിൽ നിന്നും മാറ്റിനിർത്തിയിരിക്കുന്ന മൗദൂദിയൻ ആശയങ്ങളേതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ഒരു ഗ്രന്ഥം ഐ.പി.എച്ച് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ വിമർശകർക്ക് ബുദ്ധിപരമായ കാപട്യത്തിൽ നിന്ന് രക്ഷപ്പെടാൻ അതുപകരിക്കുമായിരുന്നു! പക്ഷെ അങ്ങനെയൊന്ന് ഇതേവരെ വിപണിയിലെത്തിയിട്ടില്ലല്ലൊ!

**ആദർശപക്ഷം വിട്ട് ജനപക്ഷം സ്വീകരിക്കാൻ തുടങ്ങിയ ജമാഅത്തെ ഇസ്‌ലാമിക്ക് ഇത്തരം കടുംകൈകൾ ചെയ്തേ മതിയാകൂ. മൗദൂദിയെ കയ്യൊഴിച്ചാണെങ്കിലും ഒരു പുതിയമുഖം തരപ്പെടുത്താനുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ തെരുവുനാടകങ്ങൾ ഇന്ത്യൻ ജനത എത്രകണ്ട് ആസ്വദിക്കുമെന്ന് കണ്ടറിയണം. പുള്ളിപ്പുലിക്ക് അതിന്റെ പുള്ളികൾ മാറ്റാനായ കഥ പഞ്ചതന്ത്രം കഥകളിൽ പോലും നാം വായിച്ചിട്ടില്ല.**

ചോദ്യം: സത്യത്തിൽ, മൗദൂദീ വിമർശനത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പുള്ള സാഹചര്യത്തെ തീർച്ചയായും കണക്കിലെടുക്കേണ്ടതില്ലേ?

ഉത്തരം: അഥവാ, മൗദൂദിയൻ ആദർശങ്ങളെ, സ്വാതന്ത്ര്യപൂർവ്വഘട്ടം സ്വാതന്ത്ര്യാനന്തര ഘട്ടം എന്നിങ്ങനെ രണ്ടായി വിഭജിച്ച്, വിലയിരുത്തി വേണം ജമാഅത്തിനെ വിമർശിക്കാൻ എന്നർഥം, അല്ലെ? ചോദ്യത്തിലുള്ളതുപോലുള്ള പരാമർശം പ്രബോധനത്തിൽ വന്നത് വായിക്കുക:

''സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് മൗദൂദിയെ അപഗ്രഥിക്കുന്നത് ആശയക്കുഴപ്പത്തിനിടയാക്കും (ഇതാണ് വിമർശകർക്ക് വേണ്ടതും). ജനാധിപത്യ, മതേതര ഇന്ത്യയുടെ പരിസരത്തുനിന്നു കൊണ്ടല്ല മൗദൂദി ചിന്തിച്ചതും പ്രവർത്തിച്ചതും. അവിഭക്ത ഇന്ത്യ അന്ന് ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലായിരുന്നു.'' (പ്രബോധനം, ആഗസ്റ്റ് 18, 2007)

''വർഷങ്ങൾ കഴിഞ്ഞ്, സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടാൻ പോകുന്ന സവിശേഷമായ മതനിരപേക്ഷ, ജനാധിപത്യ സംവിധാനം അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിലുണ്ടാവുക സാധ്യമായിരുന്നില്ലല്ലൊ?'' (പ്രബോധനം, ആഗസ്റ്റ് 18, 2007)

മുജാഹിദു പ്രസ്ഥാനത്തിന്റെ വസ്തുനിഷ്ഠമായ വിമർശനങ്ങളെ മറികടക്കാൻ പുതുതായി ജമാഅത്തെഴുത്തുകാർ ആവിഷ്കരിച്ച തരികിടയാണ്, മൗദൂദീ സാഹിബിനെ സ്വാതന്ത്ര്യപൂർവ്വ മൗദൂദീ, സ്വാതന്ത്ര്യാനന്തര മൗദൂദീ എന്നിങ്ങനെ വേർതിരിച്ചു കൊണ്ടുള്ള വിശകലനം. സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് മൗദൂദിയെ അപഗ്രഥിക്കുന്നത് ആശയക്കുഴപ്പത്തിനിടയാക്കും എന്ന് തുറന്നു സമ്മതിക്കുന്ന ഇവർ, അതിന് കാരണമായിപ്പറയുന്നതാണ് രസകരം! വർഷങ്ങൾ കഴിഞ്ഞ്, സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടാൻ പോകുന്ന സവി

ശേഷമായ മതനിരപേക്ഷ, ജനാധിപത്യ സംവിധാനം അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിലുണ്ടാവുക സാധ്യമായിരുന്നില്ലല്ലൊ? എന്നതാണത്. എങ്കിൽ പിന്നെ മൗദൂദിയെന്തിനാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ആയിരം വട്ടം ശാപമോതിയത്? വരാനിരുന്ന സ്വതന്ത്ര ഇന്ത്യയുടെ സവിശേഷ സംവിധാനം സ്വന്തം ദൃഷ്ടിപഥത്തിലില്ലായിരുന്ന മൗദൂദിയെന്തിനാണ്, ബ്രിട്ടീഷധിനിവേശത്തിൽ നിന്നുള്ള ഇന്ത്യയുടെ മോചനത്തെ ലാത്തപോയി മനാത്തവരലായി പ്രഖ്യാപിച്ചത്? സത്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് വന്നു ഭവിച്ച ഗതികേടാണ് അവരുടെ ഈ പ്രസ്താവനകൾ!

ചോദ്യം: ഇന്ത്യയിൽ രൂപപ്പെടാൻ പോകുന്ന സവിശേഷമായ മതനിരപേക്ഷ, ജനാധിപത്യ സംവിധാനത്തെപ്പറ്റി മൗദൂദിക്ക് ഒന്നുമറിഞ്ഞുകൂടാ എന്ന പ്രസ്താവന ഒരു ആക്ഷേപം തന്നെയല്ലെ?

ഉത്തരം: സ്വന്തം ആചാര്യനെ സംബന്ധിച്ച ജമാഅത്തുകാരുടെ ഈ വിലയിരുത്തൽ അദ്ദേഹത്തിന്റെ വിമർശകർപോലും ഇന്നുവരെ നടത്താത്തതാണ്. ആര് ആക്ഷേപിക്കപ്പെട്ടാലും തങ്ങൾ ആക്ഷേപിക്കപ്പെടരുത് എന്ന ചിന്തയെ അവർക്കുള്ളൂ.

താൻ ജീവിക്കുകയും, ഇസ്‌ലാമിക ചിന്തകൾ ആവിഷ്കരിക്കുകയും, അവയുടെ സാക്ഷാൽകാരത്തിനു വേണ്ടി ഒരു സംഘടനക്ക് രൂപം കൊടുക്കുകയും ചെയ്ത മുപ്പതുകളിലെ ഇന്ത്യൻ പരിസരത്തു നിന്ന് കേവലം പത്തുവർഷം മുന്നിലേക്കു പോലും ചിന്തിക്കാൻ, മൗദൂദീയുടെ ദൃഷ്ടിപഥം വിശാലമല്ലായിരുന്നൂ എന്ന് പറഞ്ഞാൽ ഈ ലോകപ്രശസ്ത ഇസ്‌ലാമിക ചിന്തകന്റെ ഗതിഗതികേടുകളെപ്പറ്റി ആളുകൾ ചിന്തിച്ചു പോകില്ലെ? പ്രതിരോധവാക്യങ്ങളെഴുതിവിടുമ്പോൾ സാമാന്യബോധം നഷ്ടപ്പെടുന്നത് വേവലാതികൊണ്ടാണ്. നിലവിലുള്ള ഇന്ത്യൻ രാഷ്ട്രീയ പരിസരം മൗദൂദിയുടെ ആശയങ്ങൾക്ക് ഇടംനൽകുന്നതല്ലെന്നും, അവയിലൂന്നിയ നിലപാടുകളുമായി നിലകൊള്ളുന്നത് ആത്മഹത്യാപരമായിരിക്കുമെന്നും തിരിച്ചറിഞ്ഞതു കൊണ്ടുള്ള ജാമ്യത്തേട്ടങ്ങളാണ് സത്യത്തിൽ ഇതെല്ലാം. ജമാഅത്തെ ഇസ്‌ലാമി ഇന്നുവരെ കളംവരച്ചതും കളിച്ചു കൊണ്ടിരുന്നതും കളരിക്കുവെളിയിലായിരുന്നു. എന്നാൽ ഇപ്പോഴത് ആശാന്റെ നെഞ്ചത്തായിത്തീർന്നിട്ടുണ്ട്! ആദർശപക്ഷം വിട്ട് ജനപക്ഷം സ്വീകരിക്കാൻ തുടങ്ങിയ ജമാഅത്തെ ഇസ്‌ലാമിക്ക് ഇത്തരം കടുംകൈകൾ ചെയ്തേ മതിയാകൂ. മൗദൂദിയെ കയ്യൊഴിച്ചാണെങ്കിലും ഒരു പുതിയമുഖം തരപ്പെടുത്താനുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ തെരുവുനാടകങ്ങൾ ഇന്ത്യൻ ജനത എത്രകണ്ട് ആസ്വദിക്കുമെന്ന് കണ്ടറിയണം. പുള്ളിപ്പുലിക്ക് അതിന്റെ പുള്ളികൾ മാറ്റാനായ കഥ പഞ്ചതന്ത്രം കഥകളിൽ പോലും നാം വായിച്ചിട്ടില്ല.